ഉത്തരം

(എ) ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിലെ തീരപ്രദേശങ്ങളിലെ സ്കൂളുകൾക്കായി മൊബൈൽ സ്കൂൾ ലാബുകൾ അനുവദിച്ചിട്ടില്ല. എന്നാൽ കോസ്റ്റൽ ഏരിയാ ഡവലപ്മെന്റ് കോർപ്പറേഷൻ നടപ്പാക്കുന്ന തീരദേശവികസന പദ്ധതിയിൽപ്പെടുത്തി ആലപ്പുഴ ജില്ലയിൽ ഒരു മൊബൈൽ ലാബ് അനുവദിച്ചിട്ടുണ്ട്. ടി പദ്ധതി ഫിഷറീസ് വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മേൽ പറഞ്ഞിരിക്കുന്ന പദ്ധതി തീരദേശ വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നതാണ്. കുട്ടനാട് പ്രദേശത്തെ സ്കൂളുകളിൽകൂടി പദ്ധതി വ്യാപിപ്പിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

കടുങ്ങല്ലൂരിലെ അക്വാ-ടെക്നോളജി പാർക്കിന്റെ പ്രവർത്തനം

226 (518) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ കടുങ്ങല്ലൂരിലുള്ള അക്വ-ടെക്നോളജി പാർക്ക് മുഖേന അലങ്കാര മത്സ്യകയറ്റുമതി ഇപ്പോൾ ഏതെല്ലാം രാജ്യങ്ങളിലേക്ക് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അലങ്കാര മത്സ്യ കൃഷി തദ്ദേശീയമായി നടത്തുന്നതിന് ഈ അക്വ-ടെക്നോളജി പാർക്ക് എന്തെല്ലാം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അമേരിക്ക, ഫ്രാൻസ്, യു.എ.ഇ. എന്നിവിടങ്ങളിലേക്കാണ് അക്വാപാർക്ക് മുഖേന ഇപ്പോൾ അലങ്കാര മത്സ്യ കയറ്റുമതി നടത്തുന്നത്.

(ബി) താൽപ്പര്യമുള്ള സ്വകാര്യ സംരംഭകർക്ക് അലങ്കാര മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനായി സാറ്റലൈറ്റ് ഫാം തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നു. കൂടാതെ സ്വകാര്യ വ്യക്തികൾക്ക് ഹോംസ്റ്റഡ് യൂണിറ്റ് (അടുക്കളത്തോട്ടം) തുടങ്ങി മത്സ്യകുഞ്ഞുങ്ങളെ വളർത്തി വലുതാക്കി വിപണനം നടത്തുന്നതിനാവശ്യമായ പരിശീലനം നൽകുകയും മറ്റു സാങ്കേതിക/ സാമ്പത്തിക സഹായങ്ങൾ നൽകി പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം യൂണിറ്റുകൾക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും അവ വളർന്ന് വിപണനത്തിന് പാകമാകുമ്പോൾ വില നൽകി തിരികെ വാങ്ങുകയും ചെയ്യുന്നതിലൂടെ മാർക്കറ്റ് ഉറപ്പാക്കുന്നു.

അലങ്കാര മത്സ്യ കൃഷി

227(519) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലങ്കാര മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനും ഇവ വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനും എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പേരാവൂർ നിയോജക മണ്ഡലത്തിലെ പഴശ്ശിരാജ സാറ്റ്ലൈറ്റ് ഫിഷ്ഫാമിൽനിന്നും അലങ്കാര മത്സ്യകുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന പ്രക്രിയ ആരംഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അലങ്കാര മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി എറണാകുളം ജില്ലയിൽ ആലുവ കിഴക്കേ കടുങ്ങല്ലൂരിൽ ഒരു അക്വാടെക്നോളജി പാർക്ക് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർക്കാർ-സ്വകാര്യ പങ്കാളിത്ത സംരഭമായി രൂപീകരിച്ച് കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കമ്പനി (കാവിൽ)-യുടെ മേൽനോട്ടത്തിലാണ് കടുങ്ങല്ലൂരിൽ സ്ഥാപിച്ചിട്ടുള്ള അക്വാടെക്നോളജി പാർക്ക് പ്രവർത്തിക്കുന്നത്. അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെ വളർത്തി വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നതിന് എക്സ്പോർട്ട് ഹബ്ബുകളും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ അക്വാടെക്നോളജി പാർക്കിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ അലങ്കാര മത്സ്യ കുഞ്ഞുത്പാദനത്തിനായി സാറ്റലൈറ്റ് ഫാമുകളും നിർമ്മിച്ചുവരുന്നു. സംസ്ഥാനത്തുടനീളം താൽപര്യമുള്ള വ്യക്തികൾക്ക് ഹോംസ്റ്റഡ് യൂണിറ്റുകൾ (അടുക്കളത്തോട്ടം) തുടങ്ങി അലങ്കാര മത്സ്യങ്ങളെ വളർത്തി വിപണനം നടത്തുന്നതിനാവശ്യമായ പരിശീലനവും സാങ്കേതികവും/സാമ്പത്തികവുമായ സഹായങ്ങളും നൽകിവരുന്നു. ഇവരിൽ നിന്നുള്ള ഉല്പന്നങ്ങൾ വില നൽകി തിരികെ വാങ്ങി വിപണനം നടത്തുക വഴി ന്യായവിലയും വിപണന സൗകര്യവും തരപ്പെടുത്തുന്നു.

(ബി) ഉണ്ട്.

(സി) പഴശ്ശിരാജ സാറ്റലൈറ്റ് ഫിഷ്ഫാമിൽ ഉല്പാദിപ്പിക്കുന്ന മത്സ്യ കുഞ്ഞുങ്ങളെ പദ്ധതിയുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള ഹോംസ്റ്റഡ് യൂണിറ്റുകൾക്ക് വിതരണം ചെയ്യുകയും അവ വളർന്ന് വിപണനത്തിന് പാകമാകുമ്പോൾ തിരികെ വാങ്ങി വിപണനം നടത്തുകയും ചെയ്യുന്നു. കയറ്റുമതിക്കാവശ്യമായ അലങ്കാര മത്സ്യങ്ങളെ സംഭരിച്ച് നൽകുന്ന പ്രവർത്തനവും നടക്കുന്നു. ഇവർ സംഭരിച്ചു നൽകുന്ന മത്സ്യങ്ങൾ 'കാവിൽ' വഴി കയറ്റുമതി നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly